# വിവരങ്ങൾ അടങ്ങിയ രേഖ നശിപ്പിച്ചുകളഞ്ഞു എന്ന കാരണം കാണിച്ച് വിവരാവകാശ അപേക്ഷ അന്ധമായി നിരസിക്കാനാവില്ല

## കേരള ഹൈക്കോടതി

W.P. (C) No. 13565/2018 Dt. 4.12.2018

ജഗന്നിവാസൻ എ.

x

സ്റ്റേറ്റ് ഇൻഫൊർമേഷൻ കമ്മീഷണർ

ട്രിച്ചൂർ ടയേഴ്സ് എന്ന് പേരുള്ള സ്ഥാപനത്തിന് 2008 മുതലുള്ള വർഷങ്ങളിൽ നല്കിയ ലൈസൻസുകളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് ജഗന്നിവാസൻ എന്നയാൾ ഗ്രാമപഞ്ചായത്തിലെ സംസ്ഥാന പൊതു വിവര ഉദ്യോഗസ്ഥന് അപേക്ഷ നല്കി. അപേക്ഷപ്രകാരമുള്ള ചില വിവരങ്ങൾ മാത്രമാണ് ആ വിവര ഉദ്യോഗസ്ഥൻ അപേക്ഷകന് നല്കിയത്. തുടർന്ന് പൂർണ്ണ വിവരങ്ങൾ ആവശ്യപ്പെട്ട് അപേക്ഷകൻ ഒന്നാം അപ്പീൽ സമർപ്പിച്ചെങ്കിലും ഉത്തരവ് അനുകൂലമല്ലായിരുന്നു. ഇതിനെതിരെ അദ്ദേഹം സംസ്ഥാന വിവര കമ്മീഷണർ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപേക്ഷകൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും നല്കണമെന്ന് സംസ്ഥാന വിവര

കമ്മീഷണർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നല്കി. അതനുസരിച്ച് അപേക്ഷകൻ വീണ്ടും ഗ്രാമപഞ്ചായത്തിലെ സംസ്ഥാന പൊതു വിവര ഉദ്യോഗസ്ഥനെ സമീപിച്ചെങ്കിലും യാതൊരു നടപടിയുമുണ്ടായില്ല. തുടർന്ന് അപേക്ഷകൻ വീണ്ടും സംസ്ഥാന വിവര കമ്മീഷണർ മുമ്പാകെ പരാതി സമർപ്പിച്ചു. ആവശ്യപ്പെട്ട രേഖകൾ അടങ്ങിയ ഫയലുകൾ നശിപ്പിച്ചുകളഞ്ഞവയാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചതിനെത്തുടർന്ന് സംസ്ഥാന വിവര കമ്മീഷണർ അപേക്ഷകന്റെ പരാതി തള്ളിക്കളഞ്ഞു. ഇതിനെതിരെ അദ്ദേഹം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഫയലുകൾ നശിപ്പിച്ചുകളഞ്ഞതുകൊണ്ട് വിവരം നല്കാനാവില്ല എന്ന് അന്ധമായി പ്രസ്താവിച്ച് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ നിരസിക്കാനാവില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഫയലുകൾ നിയമപ്രകാരമാണോ നശിപ്പിച്ചത് എന്ന് പരിശോധിക്കാൻ പൊതു വിവര ഉദ്യോഗസ്ഥർക്കും സംസ്ഥാന വിവര കമ്മീഷണർക്കും ഉത്തരവാദിത്വമുണ്ട്. ഫയലുകൾ നശിപ്പിച്ചത് ചട്ടവിരുദ്ധമായാണെന്നു കണ്ടാൽ നിയമപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കാൻ സംസ്ഥാന വിവര കമ്മീഷണർക്ക് ചുമതലയുണ്ടെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചു. മേൽപറഞ്ഞ തരത്തിൽ പരിശോധന നടത്തി ഉചിതമായ ഉത്തരവ് പുതുതായി പുറപ്പെടുവിക്കാൻ ഹൈക്കോടതി സംസ്ഥാന വിവര കമ്മീഷണർക്ക് നിർദ്ദേശം നല്കി.